**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3306** **08-10-2025 - ൽ മറുപടിയ്ക്ക്**

**അഴീക്കോട് - മുനമ്പം പാലത്തിന്റെ പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയിൽ നിന്നും 154.625 കോടി രൂപയുടെ സാമ്പത്തിക അനുമതിയും 16.12.2021-ന് 143.15 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭ്യമായിട്ടുള്ള അഴീക്കോട് - മുനമ്പം പാലത്തിന്റെ പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | കിഫ്ബി ഫണ്ട് വിനിയോഗിച്ചു കൊണ്ട് കെ.ആർ.എഫ്.ബി. - പി.എം.യു. മുഖേന പ്രവൃത്തി പുരോഗമിക്കുന്ന അഴീക്കോട് - മുനമ്പം പാലത്തിന് 160 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് 154.626 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതിയും 181.55 കോടി രൂപയ്ക്ക് പുതുക്കിയ സാമ്പത്തികാനുമതി, 200.14 കോടി രൂപയ്ക്ക് രണ്ടാമത്തെ പുതുക്കിയ സാമ്പത്തികാനുമതി എന്നിവയും ലഭിച്ചു. പ്രവൃത്തിയ്ക്ക് 143.15 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകുകയും ടെൻഡർ നടപടികൾ പൂർത്തിയാക്കി 143.28 കോടി രൂപയ്ക്ക് ചെറിയാൻ വർക്കി കൺസ്ട്രക്ഷൻ കമ്പനി ലിമിറ്റഡിനു കരാർ നൽകുകയും ചെയ്തിട്ടുണ്ട്. 205 പൈലുകളിൽ 196 പൈലുകൾ, 38 പൈൽ ക്യാപിൽ 27 എണ്ണം, 61 പിയറുകളിൽ 31 എണ്ണം, 38 പിയർ ഹെഡിൽ 18 എണ്ണം, 168 മീറ്റർ T-beam & സ്ലാബ് - 115.55 മീ., 216 സെഗ്മെന്റുകളിൽ 59 എണ്ണം 12 സ്പാൻ സെഗ്മെന്റുകളിൽ ഒരെണ്ണം എന്നിവ പൂർത്തിയായിട്ടുണ്ട്. നിലവിൽ ആകെ 60% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാലം നിർമ്മാണത്തിന് തടസമായിരുന്ന സ്ഥലമെടുപ്പ് സംബന്ധിച്ച കേസുകളുടെ വിധിയുടെ വിശദാംശം ലഭ്യമാക്കാമോ; വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | അഴീക്കോട് - മുനമ്പം പാലവുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിലെ WP(C) No. 23903 of 2024 – Petitioner - I.R. Bahuleyan & Co. എന്ന കേസിൽ പരാതിക്കാരനു നഷ്ടപ്പെടുന്ന ഭൂമിയ്ക്കുള്ള നഷ്ടപരിഹാരം കോടതിയിൽ കെട്ടിവച്ചാൽ കെ.ആർ.എഫ്.ബി.-യ്ക്കു ഭൂമി വിട്ടുകിട്ടുന്നതിന് ബഹു. കോടതി വിധി പ്രസ്താവിച്ചിരുന്നു. തുടർന്ന് കെ.ആർ.എഫ്.ബി. 29,99,462/-രൂപ ജില്ലാ സെഷൻസ് കോടതിയിൽ കെട്ടിവയ്ക്കുകയും അക്കാര്യം ജില്ലാ കളക്ടറെ അറിയിക്കുകയും ചെയ്തു. പിന്നീട് വാദിഭാഗം നൽകിയ റിട്ട് അപ്പീലിൽ 3 ദിവസത്തെ നോട്ടീസ് കാലയളവിൽ ഏറ്റെടുത്ത |

| | | | |
|---|---|---|---|
| | | | ഭൂമിയിലെ കെട്ടിടങ്ങൾ വാദികളോട് പൊളിച്ചു നീക്കാൻ ബഹു. ഹൈക്കോടതി വിധി പ്രസ്താവിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ 08.10.2025 തീയതിയ്ക്ക് മുൻപ് പൊളിച്ചു നീക്കാൻ ആവശ്യപ്പെട്ടുകൊണ്ട് വാദികൾക്ക് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | പാലത്തിനായി ഏറ്റെടുക്കുന്ന പള്ളിപ്പുറം പഞ്ചായത്ത് വാങ്ങിയ സ്ഥലത്തിനും അവിടെയുള്ള കെട്ടിടത്തിനും നഷ്ടപരിഹാരതുക ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (സി) | പള്ളിപ്പുറം പഞ്ചായത്തിന് നഷ്ടപ്പെടുന്ന സ്ഥലത്തിനും കെട്ടിടത്തിനും നഷ്ടപരിഹാരം നൽകുന്നതിനായി നിശ്ചിത സമയത്തിനുള്ളിൽ രേഖകൾ സമർപ്പിക്കുവാൻ പഞ്ചായത്ത് അധികൃതർക്ക് കഴിയാതെ പോയ സാഹചര്യത്തിൽ, ലാൻഡ് അക്വിസിഷൻ ഓഫീസർ സ്ഥലം സർക്കാർ പുറമ്പോക്കിൽപ്പെടുത്തി നഷ്ടപരിഹാരം നൽകിയിരുന്നില്ല. ഭൂമി ഏറ്റെടുക്കൽ നടപടികളെല്ലാം പൂർത്തിയായതിനുശേഷം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് അധികൃതർ എറണാകുളം ജില്ലാകളക്ടർക്ക് ഭൂമി സംബന്ധിച്ച രേഖകൾ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ 30/06/2026 വരെയാണ് കാലാവധി. |

സെക്ഷൻ ഓഫീസർ